# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**മുപ്പത്തിയെട്ടാമത് റിപ്പോർട്ട്**

**(2025 മാർച്ച് 19- ാം തീയതി സമർപ്പിച്ചത് )**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## മുപ്പത്തിയെട്ടാമത് റിപ്പോർട്ട്

(2025 മാർച്ച് 19- ാം തീയതി സമർപ്പിച്ചത് )

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)

## ഘടന

**ചെയർപേഴ്സൺ :**

**ശ്രീ. എം. എം. മണി,** എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ.  യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ.  എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ,  എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ  സെക്രട്ടേറിയറ്റ്** :

**ശ്രീ. എൻ.**കൃഷ്ണ കുമാർ ,  സെക്രട്ടറി

ശ്രീമതി സുദർശന.കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ഷമി.ജെ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014), കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിലായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികളും കൂടാതെ അന്തിമ മറുപടി ലഭ്യമാക്കാതെയുള്ള ശിപാർശകളും കമ്മിറ്റിയുടെ തുടർശിപാർശയും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 17 ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>ചെയർപേഴ്സൺ,<br>സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,<br>2025 മാർച്ച് 19

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2011-2014)-യുടെ പതിനഞ്ചാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു.

2005 ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് , 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് , 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് എന്നീ ആക്റ്റുകളിൻ കീഴിൽ 2007 മുതൽ 2012 വരെ പുറപ്പെടുവിച്ച എസ്.ആർ.ഒകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിൽ 44 ശിപാർശകളാണ് ഉണ്ടായിരുന്നത്. ആയതിൽ റവന്യൂ (ദേവസ്വം) വകുപ്പുമായി ബന്ധപ്പെട്ട് 21 ശിപാർശകളും മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് 7 ശിപാർശകളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 16 ശിപാർശകളുമാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിൽ ഗവ: ൽ നിന്നും ലഭിച്ച നടപടി പത്രികകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു . പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 9 ശിപാർശകൾ ഒഴികെ (ഖണ്ഡിക 38,39,40,41,43,44,47,48,49) റിപ്പോർട്ടിലെ മറ്റെല്ലാ ശിപാർശകളിലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കുകയും ആയത് സമിതി പരിഗണിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

സമിതി (2011-2014) യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും അദ്ധ്യായം -I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാൻ അവശേഷിക്കുന്ന ശിപാർശകളും ആയത് സംബന്ധിച്ച സമിതിയുടെ തുടർ ശിപാർശകളും അദ്ധ്യായം -II ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം - I

## സമിതി (2011-2014) യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### 2005 -ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിന് കീഴിലുള്ള എസ്.ആർ.ഒ.

### എസ്. ആർ. ഒ. നം.1026/2008

**ശിപാർശ (ഖണ്ഡിക 3)**

ആക്റ്റ് പ്രാബല്യത്തിൽ വന്ന് 22 മാസങ്ങൾക്കുശേഷം 03.10.2008-ൽ മാത്രമാണ് ചട്ടങ്ങൾ പുറപ്പെടുവിച്ചതെന്ന് സമിതി കണ്ടെത്തുകയും കാലതാമസമുണ്ടായത് സംബന്ധിച്ച് വിശദീകരണം ആരായുകയുമുണ്ടായി. ഗുരുവായൂർ ദേവസ്വം ചട്ടങ്ങളുടെ മാതൃകയിലാണ് ഈ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്നും പുതിയ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതുവരെ പഴയ ചട്ടങ്ങൾ നിലനിൽക്കുമെന്നതിനാൽ ചട്ടങ്ങൾ ഉണ്ടാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് നിയമപരമായി ഭരണ നിർവ്വഹണത്തിന് തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ലായെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകുകയുണ്ടായി. ഗുരുവായൂർ ദേവസ്വം ചട്ടങ്ങളുടെ അതേ മാതൃകയിലാണ് പ്രസ്തുത ചട്ടങ്ങളും പുറപ്പെടുവിച്ചതെന്ന് മനസിലാക്കിയ സമിതി ഭാവിയിൽ ആക്റ്റിന്റെ കീഴിൽ ചട്ടങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കുമ്പോൾ അനാവശ്യമായ കാലതാമസം വരുത്തുന്നത് ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/ മറുപടി**

ഇക്കാര്യത്തിൽ എസ്.ആർ.ഒ.നം.981/2019 (സ.ഉ. (പി) നമ്പർ 68/2019/ റവന്യൂ), തീയതി 25.10.2019 പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

[റവന്യൂ (ദേവസ്വം) വകുപ്പിന്റെ 23.04.2021-ലെ ദേവ 2/328/2018/-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.09.2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 4)**

ചട്ടം 11 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഫാറം 1-ന് ശീർഷകം നൽകിയിട്ടില്ല എന്നും ഒരു ഫാറം എന്തിനെ സംബന്ധിച്ചുള്ളതാണെന്നത് അതിന്റെ ശീർഷകമായി നൽകിയാൽ കൂടുതൽ വ്യക്തതയുണ്ടാകുമെന്നതിനാൽ ഫാറം 1- ന്റെ ശീർഷകമായി 'കൂടൽമാണിക്യം ദേവസ്വം വസ്തുവകകൾ ഏറ്റെടുത്ത് നൽകുന്നതിനുള്ള അഭ്യർത്ഥന'യെന്ന് ചേർക്കേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞതിന് ആക്റ്റിലെ 28 (2) വകുപ്പ് പ്രകാരമാണ് ഫാറം 1 തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്നും 28 - ാം വകുപ്പ് പ്രകാരം കമ്മിറ്റിക്ക് ദേവസ്വംവക എല്ലാ സ്ഥാവരജംഗമവസ്തുക്കളും ഏറ്റെടുക്കുന്നതിനും കൈവശം വയ്ക്കുന്നതിനും അവകാശം ഉണ്ടെന്നും അപ്രകാരം കൈവശപ്പെടുത്തുന്നതിന് ആരെങ്കിലും തടസ്സപ്പെടുത്തുന്നപക്ഷം സ്വത്ത് സ്ഥിതിചെയ്യുന്ന ജില്ലയിലെ കളക്ടറോട് ആയത് കമ്മിറ്റിയുടെ കൈവശം ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അഭ്യർത്ഥനയാണ് 28(2) പ്രകാരമുള്ള ഫാറം 1 എന്നും നിയമവകുപ്പ് സെക്രട്ടറി വിശദീകരിച്ചിരുന്നു. പ്രസ്തുത ഫാറം പൊതുജനങ്ങൾക്കുള്ളതല്ലെന്നും കളക്ടർക്കും കമ്മിറ്റിക്കും മാത്രം ബാധകമായതാണെന്നും തുടർന്ന് വ്യക്തമാക്കുകയുണ്ടായി. കമ്മിറ്റിക്ക് ഏറ്റെടുക്കാൻ അവകാശപ്പെട്ട ദേവസ്വംവക സ്വത്തുക്കൾ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടായാൽ

ആയത് കളക്ടർ ഏറ്റെടുത്തിട്ട് ദേവസ്വം കമ്മിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച ഫാറത്തിന്റെ ശീർഷകത്തിൽ ഏറ്റെടുക്കുക എന്ന പദം ചേർക്കുന്നത് ഉചിതമല്ലെന്നും ഏൽപ്പിച്ചു കൊടുക്കുക എന്ന പദം ചേർക്കുന്നതാണ് ഉചിതമെന്നും നിയമവകുപ്പുദ്യോഗസ്ഥൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഫാറം 1-ന്റെ ശീർഷകമായി 'കൂടൽമാണിക്യം ദേവസ്വം വസ്തുവകകൾ ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള അഭ്യർത്ഥന' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം 9(എ) യിൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 5)**

ജില്ലയിലെ കളക്ടറോടുള്ള അഭ്യർത്ഥനയാണ് 28(2) പ്രകാരമുള്ള ഫാറം 1 എന്നുള്ളതിനാൽ ഫാറം-1 ന്റെ അവസാനം 'ആവശ്യപ്പെടുന്നു' എന്നുള്ളത് 'അഭ്യർത്ഥിക്കുന്നു' എന്ന് തിരുത്തൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/ മറുപടി**

ചട്ടം 9(ബി)(iii)ൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 6)**

ആക്ടിലെ 28(2) വകുപ്പിലെ 'തടയുക' എന്നത് ഫാറം 1-ൽ 'ചെറുക്കുക" എന്ന് മാറ്റിയിരിക്കുന്നതെന്തുകൊണ്ടെന്നും ആക്ടിലെ പദപ്രയോഗങ്ങൾ ചട്ടങ്ങളിലും ഫാറങ്ങളിലും അനാവശ്യമായി മാറ്റുന്നത് ഉചിതമാണോയെന്നും സമിതി ആരാഞ്ഞപ്പോൾ ആക്ടിലെ ഇംഗ്ലീഷ് പതിപ്പിൽ resistance or objection എന്നാണ് ഉപയോഗിച്ചിരിക്കുന്നതെന്നും ഗുരുവായൂർ ദേവസ്വം ചട്ടങ്ങളിലും ഈ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നതെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആക്ടിലും ചട്ടങ്ങളിലും നല്ല പദപ്രയോഗങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആക്ടിൽ ഉപയോഗിച്ചിരിക്കുന്ന 'തടയുക' എന്ന വാക്ക് തന്നെയാണ് ഉചിതമെന്നും സമിതി കരുതുന്നു. ആയതിനാൽ ഫാറം 1-ലെ 'ചെറുക്കുക' എന്ന വാക്കിന് പകരം 'തടയുക' എന്ന് മാറ്റി ഫാറം 1 ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/ മറുപടി**

ചട്ടം 9(ബി)(ii)ൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 7)**

ഫാറം 1-ന്റെ മൂന്നാം ഖണ്ഡികയിൽ 'കമ്മറ്റി' എന്നത് 'കമ്മിറ്റി' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം 9(ബി)(i)ൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 8)**

'കമ്മിറ്റി' എന്നത് ആക്ടിലെ 2 (സി) വകുപ്പിലും 'കമ്മീഷണർ' എന്നത് 2 (ബി) വകുപ്പിലും നിർവ്വചിച്ചിട്ടുള്ളതിനാലും ചട്ടത്തിലെ മറ്റിടങ്ങളിലെല്ലാം 'കമ്മിറ്റി' എന്നും 'കമ്മിഷണർ' എന്നും മാത്രമാണ് പരാമർശിച്ചിട്ടുള്ളത് എന്നതിനാലും ചട്ടം 10(1)-ലെ 'ദേവസ്വം കമ്മിറ്റി' 'ദേവസ്വം കമ്മിഷണർ' എന്നിവ യഥാക്രമം 'കമ്മിറ്റി' എന്നും 'കമ്മീഷണർ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം 2 (1)ൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്

[ഖണ്ഡിക 4 മുതൽ 8 വരെയുള്ള ശിപാർശകളിൽ റവന്യൂ (ദേവസ്വം) വകുപ്പ് 23.04.2021-ലെ ദേവ 2/328/2018/-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയും ശിപാർശകൾ നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ -SRO No. 981/2019 യും 10.09.2021-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക 9)**

ചട്ടം 10(2) പ്രകാരം ഭരണറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 2010-ലെ റിപ്പോർട്ട് നിയമസഭയ്ക്ക് അയച്ചുകൊടുത്തിരുന്നു വെന്നും ആ റിപ്പോർട്ട് പുസ്തകരൂപത്തിലല്ലാത്തതിനാൽ തിരികെ കൊടുത്തുവെന്നും ആയത് പുസ്തകരൂപത്തിലാക്കി ഉടൻ സമർപ്പിക്കുന്നതാണെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി പറഞ്ഞു. ചട്ടം 10(4), 10(5) പ്രകാരം ഭരണറിപ്പോർട്ടുകൾ നിയമസഭ അംഗീകരിച്ചാലുടൻ ദേവസ്വത്തിന്റെ നോട്ടീസ് ബോർഡിലും കേരള ഗസറ്റിലും പ്രസിദ്ധീകരിക്കുമെന്നും റിപ്പോർട്ട് തയ്യാറാക്കാൻ സ്വാഭാവികമായ കാലതാമസമേ ഉണ്ടായിട്ടുള്ളൂവെന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകാമെന്നും റവന്യൂ വകുപ്പുദ്യോഗസ്ഥൻ സമിതി മുമ്പാകെ വ്യക്തമാക്കിയിരുന്നു. ഇത്തരത്തിൽ ഭരണറിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നതോടൊപ്പം ചട്ടം 10(2) പ്രകാരം ഭരണറിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ഭരണ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[റവന്യൂ (ദേവസ്വം) വകുപ്പിന്റെ 23.04.2021-ലെ ദേവ 2/328/2018/-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.09.2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 10)**

ചട്ടം 12 പ്രകാരം അഡ്മിനിസ്ട്രേറ്റർ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് മനസ്സിലാകുന്നതെന്നും ആയതിനാൽ രജിസ്റ്ററിന്റെ മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ രജിസ്റ്ററുകളെ സംബന്ധിച്ച് വളരെ വിശദമായി റൂളിൽ പറഞ്ഞിട്ടുണ്ടെന്നും ഒന്നാം ഉപചട്ടപ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിൽ രത്നങ്ങൾ, ആഭരണങ്ങൾ, സ്വർണ്ണം മുതലായവയുടെ മുഴുവൻ വിവരങ്ങളും ഉണ്ടായിരിക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്നും രജിസ്റ്ററിന്റെ മാതൃക നിർണ്ണയിക്കണമെന്ന് ആക്ടിൽ പറഞ്ഞിട്ടില്ലാത്തതിനാലാണ് അവ ചട്ടങ്ങളിൽ ഉൾപ്പെടുത്താത്തതെന്നും നിയമവകുപ്പ് അഡീഷണൽ

സെക്രട്ടറി പറഞ്ഞു. കൂടാതെ സമാനമായ ഗുരുവായൂർ ദേവസ്വം ആക്ടിലും രജിസ്റ്ററിന്റെ മാതൃക പറഞ്ഞിട്ടില്ലെന്നും അത് വർഷങ്ങളായി നിലനിൽക്കുന്ന ഒരു സംവിധാനമാണെന്നും രജിസ്റ്ററിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നുള്ളത് സംബന്ധിച്ച് ഭരണ വകുപ്പ് തീരുമാനിച്ചാൽ അത് ചേർക്കാവുന്നതാണെന്നും നിയമവകുപ്പുദ്യോഗസ്ഥർ അറിയിക്കുകയും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ലെങ്കിൽ രജിസ്റ്ററിന്റെ മാതൃക ചട്ടത്തിൽ ചേർക്കാവുന്നതാണെന്ന് റവന്യൂ വകുപ്പുദ്യോഗസ്ഥൻ അഭിപ്രായപ്പെടുകയും ചെയ്തു. രജിസ്റ്ററുകൾ, ഫാറങ്ങൾ എന്നിവയ്ക്കൊക്കെ ഒരു നിശ്ചിത മാതൃക നൽകുന്നതാണ് ആയവ പൂരിപ്പിച്ച് പരിപാലിക്കുന്നതിനും പരിശോധിക്കുന്നതിനും നല്ലതെന്ന് അഭിപ്രായപ്പെട്ട സമിതി, ചട്ടം 12 പ്രകാരം അഡ്മിനിസ്ട്രേറ്റർ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക ചട്ടത്തിൽ ചേർക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് പരിശോധിച്ച് ഒരു തീരുമാനമെടുത്ത് സമിതിയെ അറിയിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി/മറുപടി</u>**

ഭേദഗതി ചട്ടത്തിൽ ഫാറം 2 മുതൽ 5 വരെ ചേർത്തിട്ടുണ്ട്.

**<u>ശിപാർശ (ഖണ്ഡിക 11)</u>**

ആക്ടിലെ 13(1) വകുപ്പിൽ ഭരണ നിർവ്വഹണ റിപ്പോർട്ട് നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും അതിൻപ്രകാരം റിപ്പോർട്ട് ദേവസ്വത്തിന്റെ നോട്ടീസ് ബോർഡിലും കേരള ഗസറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ചട്ടം 10(4)-ലും റിപ്പോർട്ടുകളുടെ സംഗ്രഹം പ്രദേശത്ത് വിപുലപ്രചാരമുള്ള ഒരു മലയാളം ദിനപത്രത്തിലെങ്കിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ചട്ടം 10(5)-ലും വ്യവസ്ഥ ചെയ്തിട്ടുമുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ആക്ടിലെ 11(3), (5) വകുപ്പുകൾ പ്രകാരമുള്ള ദേവസ്വം വസ്തുക്കളുടെ കൈമാറ്റം, വിൽപ്പന, പണയം, പാട്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ ദേവസ്വം ഓഫീസിലും കമ്മീഷണറുടെ ഓഫീസിലും (സ്ഥാവര വസ്തുക്കളാണെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തും കൂടി) പ്രസിദ്ധീകരിച്ചാൽ മതിയെന്ന ചട്ടം 12(4), (5)-യിലെ വ്യവസ്ഥയ്ക്ക് പുറമേ ആയവ പ്രാദേശിക പത്രങ്ങളിലും കൂടി പ്രസിദ്ധീകരിക്കുവാനുള്ള വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**<u>സ്വീകരിച്ച നടപടി/മറുപടി</u>**

ചട്ടത്തിൽ 2 (2) (എ) ൽ പ്രസ്തുത ഭേദഗതി ചേർത്തിട്ടുണ്ട്

**<u>ശിപാർശ (ഖണ്ഡിക 12)</u>**

ദേവസ്വംവക ജംഗമവസ്തുക്കളുടെ ഭൗതിക പരിശോധന ചട്ടം 12(6)-ലെ വ്യവസ്ഥ പ്രകാരം കമ്മിറ്റി വർഷാവർഷം നടത്താറുണ്ടോയെന്നും കമ്മിറ്റിയുടെ അഭിപ്രായസഹിതമുള്ള സാക്ഷ്യപത്രം കമ്മീഷണർക്ക് അയയ്ക്കാറുണ്ടോയെന്നും സമിതി ആരാഞ്ഞപ്പോൾ രത്നങ്ങൾ, സ്വർണ്ണം തുടങ്ങിയ വിലപ്പിടിപ്പുള്ള വസ്തുക്കളെ സംബന്ധിച്ച സാക്ഷ്യപത്രം മാത്രമെയുള്ളുവെന്നും എന്നാലത് കാലാകാലങ്ങളിൽ കമ്മീഷണർക്ക് സമർപ്പിക്കാറില്ലായെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിക്കുകയുണ്ടായി. സാക്ഷ്യപത്രം കമ്മീഷണർക്ക് നൽകുന്നില്ല എന്നത് നിയമത്തോടുള്ള അനാദരവായി വിലയിരുത്തുന്ന സമിതി ചട്ടം 12(6)-ലെ വ്യവസ്ഥ നടപ്പാക്കാത്തതിൽ വീഴ്ചവരുത്തിയവർക്കെതിരെ കർശനനടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആരായാമെന്ന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ

സമിതി മുമ്പാകെ സമ്മതിക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതിയെ അറിയിക്കണമെന്നും ചട്ടം 12(6)-ലെ വ്യവസ്ഥ പ്രകാരം ദേവസ്വം വക ജംഗമവസ്തുക്കളുടെ ഭൗതിക പരിശോധന കമ്മിറ്റി വർഷാവർഷം നടത്തുന്നുണ്ടെന്നും കമ്മിറ്റിയുടെ അഭിപ്രായ സഹിതമുള്ള സാക്ഷ്യപത്രം കമ്മീഷണർക്ക് അയയ്ക്കണമെന്നുമുള്ള നിർദ്ദേശം നൽകി അതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ശിപാർശ (ഖണ്ഡിക 15)**

രേഖകളുടെ സൂക്ഷിപ്പിന് സംബന്ധിച്ച ചട്ടം 15(2)-ൽ 'ദേവസ്വത്തിൽ പണമോ സെക്യൂരിറ്റിയോ നൽകിയിട്ടുള്ള ജീവനക്കാർ' എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് നിരീക്ഷിച്ച സമിതി ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ ഇത്തരം വ്യവസ്ഥയുണ്ടോയെന്നും ഏതെല്ലാം തസ്തികകളിലെ നിയമനത്തിനാണ് അപ്രകാരം വാങ്ങുന്നതെന്നും ആരാഞ്ഞിരുന്നു. ജീവനക്കാരുടെ നിയമനത്തിന് പണമോ സെക്യൂരിറ്റിയോ വാങ്ങാറില്ല എന്ന റവന്യൂ വകുപ്പുദ്യോഗസ്ഥരുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ചട്ടം (15) 2 പ്രകാരം "പ്രമാണങ്ങളുടെയും സെക്യൂരിറ്റികളുടെയും കൈകാര്യകർത്തൃത്വം കഴിയുന്നത്ര ദേവസ്വത്തിൽ പണമോ മറ്റ് സെക്യൂരിറ്റിയോ നൽകിയിട്ടുള്ള ജീവനക്കാരെ ഏൽപ്പിക്കേണ്ടതാണ് " എന്ന് പറഞ്ഞിരിക്കുന്നതിനാൽ ഇങ്ങനെയൊരു വ്യവസ്ഥ വച്ചിരിക്കുന്നതിന് എന്തെങ്കിലും ഉദ്ദേശ്യമുണ്ടാകേണ്ടതല്ലേയെന്ന് സമിതി അഭിപ്രായപ്പെട്ടു. സെക്യൂരിറ്റി വാങ്ങാതെ ജീവനക്കാരെ നിയമിക്കുകയും ആ ജീവനക്കാരെ ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നത് ചട്ടം 15(2)-ന് വിരുദ്ധമാണെന്നും അഭിപ്രായപ്പെടുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**[ റവന്യൂ (ദേവസ്വം) വകുപ്പിന്റെ 23.04.2021-ലെ ദേവ 2/328/2018/-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയും സമിതി ശിപാർശ സംബന്ധിച്ച് നൽകിയ നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കിയതും 10.09.2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു. ]**

**ശിപാർശ (ഖണ്ഡിക 13)**

ചട്ടം 13(4) പ്രകാരം വസ്തുക്കൾ തിരിച്ചേൽപ്പിച്ചത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് പുറമേ ഇക്കാര്യം കൈകാര്യക്കാരനെ ബോദ്ധ്യപ്പെടുത്തുന്നതിനും ചട്ടം 13(1) പ്രകാരമുള്ള കൈപ്പറ്റ് രസീത് മടക്കി നൽകുന്നതിനുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/ മറുപടി**

ചട്ടം 2(3) ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 14)**

ചട്ടം 15(1)-ൽ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് "........ശരിയായ സൂക്ഷിപ്പിന് ........" എന്ന് പറഞ്ഞിരിക്കുന്നത് ആക്ടിലെ വകുപ്പ് 10 (സി)-യിൽ പറഞ്ഞിട്ടുള്ളതുപോലെ "സുരക്ഷിതമായ സൂക്ഷിപ്പിന് " എന്ന് തിരുത്തൽ വരുത്തണമെന്ന് സിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം2(4)-ായി ഭേദഗതി വരുത്തിയിട്ടുണ്ട്

**ശിപാർശ (ഖണ്ഡിക 16)**

ആക്ടിലെ 4(1) വകുപ്പിൽ 'കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ' എന്നാണ് പറഞ്ഞിട്ടുള്ളത് എന്നതിനാൽ ചട്ടം 16(1)-ൽ 'മെമ്പർമാരുടെ' എന്ന് ചേർത്തിട്ടുള്ളത് 'അംഗങ്ങളുടെ ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം 2(5 എ) ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 17)**

ചട്ടം 16(3)-ൽ "അവർ നാമ നിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആളുകളോ" എന്ന് ചേർത്തിട്ടുള്ളത് "അവർ നാമനിർദ്ദേശം ചെയ്ത ആളുകളോ" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടം2(5 ബി)-ആയി ഭേദഗതി വരുത്തിയിട്ടുണ്ട്

**ശിപാർശ (ഖണ്ഡിക 18)**

ദേവസ്വത്തിന്റെ പേരിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക ദേവസ്വത്തിന് ലഭിച്ച തുകയായതിനാൽ ചട്ടം 18-ലെ വിശദീകരണക്കുറിപ്പ് ആവശ്യമാണോയെന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് കാലാവധി ബാധകമല്ല എന്നിരിക്കെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് എന്ന് ചേർത്തിരിക്കുന്നത് ഉചിതമാണോയെന്നും സമിതി ആരാഞ്ഞതിന് ഫിക്സഡ് ഡെപ്പോസിറ്റുകൾക്കാണ് കാലാവധി ബാധകമാകുന്നതെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകുകയുണ്ടായി. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് കാലാവധി ബാധകമല്ല എന്നതിനാൽ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് എന്ന് ചേർത്തിരിക്കുന്നത് ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു. ചട്ടം 18-ലെ വിശദീകരണത്തിൽ 'ഫിക്സഡ് ഡെപ്പോസിറ്റുകൾ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ' എന്നാക്കുന്നതായിരിക്കും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി /മറുപടി**

ചട്ടം 6 (എ) ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 19)**

ചട്ടം 18(6)-ൽ "വിവിധ ബജറ്റ്........ അംഗീകാരത്തിന് വേണ്ടി മാനേജിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്." എന്നതിൽ "മാനേജിംഗ് കമ്മിറ്റി" എന്നത് "കമ്മിറ്റി" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി /മറുപടി**

ചട്ടം 2(6)(ബി)-ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 20)**

ദേവസ്വത്തിന്റെ മിച്ചധനവും കരുതൽ ധനവും സംബന്ധിച്ച ചട്ടം 19-ൽ "......... ഏതെങ്കിലും സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണ്" എന്നത് സംബന്ധിച്ചും 19(i) പറഞ്ഞിരിക്കുന്ന "മറ്റ് സെക്യൂരിറ്റികൾ" എന്നത് സംബന്ധിച്ചും സമിതി വിശദീകരണം ആരായുകയുണ്ടായി. ദേവസ്വത്തിന്റെ മിച്ചധനവും കരുതൽ ധനവും "താഴെപ്പറയുന്ന ഏതെങ്കിലും സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണ്" എന്നാണ് പറഞ്ഞിരിക്കുന്നതെന്നും ഏതൊക്കെ സെക്യൂരിറ്റികളാണെന്ന് ആക്ടിൽത്തന്നെ പറഞ്ഞിട്ടുണ്ടെന്നും ഇംഗ്ലീഷിലെ 'other' എന്ന വാക്കിന്റെ തർജ്ജമയാണ് എന്നതു കൊണ്ടാണ് "മറ്റ് സെക്യൂരിറ്റികൾ" എന്ന വാക്ക് കടന്നു വന്നതെന്നും നിയമവകുപ്പുദ്യോഗസ്ഥൻ മറുപടി നൽകിയിരുന്നു. എന്നാൽ യഥാർത്ഥ ആക്ട് മലയാളത്തിലായതിനാൽ മലയാളം ആക്ടിലെ വാക്കിനാണ് ഭേദഗതി നിർദ്ദേശിക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തപ്പോഴാണ് 'other' എന്ന വാക്ക് വന്നതെന്നും ആയതിനാൽ "മറ്റ് സെക്യൂരിറ്റികൾ" എന്നതിൽ "മറ്റ്" എന്ന വാക്ക് ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി /മറുപടി**

ചട്ടം 2(7)-ആയി ഭേദഗതി വരുത്തിയിട്ടുണ്ട്.

[ ഖണ്ഡിക 10, 11, 13, 15 മുതൽ 20 വരെയുള്ള ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പ് 23.04.2021-ലെ ദേവ 2/328/2018/-റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയും സമിതി ശിപാർശകൾ നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ -SRO No. 981/2019 യും 10.09.2021-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു ]

**ശിപാർശ (ഖണ്ഡിക 21)**

ആക്ടിലെ 14-ാം വകുപ്പനുസരിച്ച് "................ അണ്ടർ സെക്രട്ടറിയുടെയോ ഡെപ്യൂട്ടി കളക്ടറുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു സർക്കാരുദ്യോഗസ്ഥനെ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതാണ്" എന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും ആ പദവിയിലുള്ള ആരെയും കിട്ടാത്തതുകൊണ്ട് ഇപ്പോൾ സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഒരു ഓഫീസറെയാണ് ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആക്ടിലെ പ്രസ്തുത വ്യവസ്ഥ പ്രകാരം അങ്ങനെ നിയമിക്കാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ നിയമനം നടത്തുവാൻ സാധിക്കുകയില്ലായെന്നും മുൻകാല പ്രാബല്യത്തോടുകൂടി ആ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടിവരുമെന്നും റവന്യൂ വകുപ്പുദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഒരു ഓഫീസറെ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിരിക്കുന്നത് ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ആക്ടിലെ 14-ാം വകുപ്പനുസരിച്ച് യോഗ്യതയുള്ള ഉദ്യോഗസ്ഥനെത്തന്നെ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കാൻവേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

കൂടൽമാണിക്യം ദേവസ്വം അഡ്മിനിസ്ട്രേറ്ററായി പൊതുഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി പദവിയിലുള്ള ഉദ്യോഗസ്ഥനെയാണ് നിലവിൽ നിയമിച്ചിരിക്കുന്നത്. കൂടൽ മാണിക്യം ദേവസ്വം

ആക്ടിലെ 14-ാം വകുപ്പനുസരിച്ച് യോഗ്യതയുള്ള ഉദ്യോഗസ്ഥരെ തന്നെ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി തുടർന്നും നിയമിക്കുന്നതാണ്.

[റവന്യൂ (ദേവസ്വം-എ) വകുപ്പിന്റെ 03-03-2023 തീയതിയിലെ.2/328/2018-റവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 19.06.2023-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 22)**

ആക്ടിലെ 21(1) വകുപ്പുപ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഫാറം ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ആക്ടിലെ 21(3) വകുപ്പുപ്രകാരം കമ്മിറ്റിക്ക് നോട്ടീസ് നല്കുന്നതിനുള്ളവിധം ചട്ടങ്ങളിൽ നിർണ്ണയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**സ്വീകരിച്ച നടപടി**

17.12.2019-ൽ അസാധാരണ ഗസറ്റ് നമ്പർ 3126 (എസ്.ആർ.ഒ. നമ്പർ 981/2019) ആയി പ്രസിദ്ധീകരിച്ച 2019-ലെ കൂടൽമാണിക്യം ദേവസ്വം(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 21 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

[റവന്യൂ (ദേവസ്വം-എ) വകുപ്പിന്റെ 03-03-2023 തീയതിയിലെ.ദേവ 2/328/2018-റവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 19.06.2023-ലെ യോഗം അംഗീകരിച്ചു]

**എസ്.ആർ.ഒ. നമ്പർ 169/2011**

**ശിപാർശ (ഖണ്ഡിക 23)**

ആക്ടിലെ 2(ബി) വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് 206/2007-ാം നമ്പർ എസ്.ആർ.ഒ. മുഖേന കൂടൽമാണിക്യം ദേവസ്വം കമ്മീഷണറായി ശ്രീ. സി.കെ.വിശ്വനാഥൻ, ഐ.എ.എസ്.-ന് പകരം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ, ഐ.എ.എസ്.-നെ നിയമിച്ച് കൊണ്ടുള്ളതാണ് 169/2011-ാം നമ്പർ എസ്.ആർ.ഒ. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം ശ്രീ. സി. കെ. വിശ്വനാഥൻ, ഐ.എ.എസ്. സർവ്വീസിൽ നിന്നും വിരമിച്ച തീയതി, വിജ്ഞാപനത്തിൽ ഉൾപ്പെടുത്താത്തതിനും കമ്മീഷണറുടെ ഒഴിവ് എന്ന് നിലവിൽ വന്നു എന്നറിയുന്നതിനായി വിരമിച്ച തീയതി വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്താത്തതെന്തെന്നും സമിതി ആരാഞ്ഞതിന് ഇനിമുതലുള്ള എസ്.ആർ.ഒ.കളിൽ അത് ഉൾപ്പെടുത്താമെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകിയിരുന്നു. ഭാവിയിൽ എസ്.ആർ.ഒ.കൾ വിജ്ഞാപനം ചെയ്യുമ്പോൾ വിശദീകരണക്കുറിപ്പിൽ ആവശ്യമായ വസ്തുതകളും കാരണങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി**

എസ്.ആർ.ഒ.-കൾ വിജ്ഞാപനം ചെയ്യുന്നതിന് മുൻപായി ആയത് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

[റവന്യൂ (ദേവസ്വം-എ) വകുപ്പിന്റെ 03-03-2023 തീയതിയിലെ.ദേവ 2/328/2018-റവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 19.06.2023-ലെ യോഗം അംഗീകരിച്ചു]

**2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിന് കീഴിലുള്ള എസ്.ആർ.ഒ.**
**എസ്.ആർ.ഒ. നമ്പർ 1111/08**

**ശിപാർശ (ഖണ്ഡിക 28)**

ആക്ടിലെ 5(ഐ) വകുപ്പുപ്രകാരം മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ടുള്ള സമിതിയുടെ അന്വേഷണത്തിന് സർക്കാർ നൽകിയ മറുപടിയിൽ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യബന്ധന ബോട്ടുകൾ വാങ്ങുന്നതിനായി ആധാരം പണയപ്പെടുത്തി കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ കിടപ്പാടം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണെന്ന് ബോധ്യപ്പെട്ടതായും, സംസ്ഥാന സർക്കാരിന് നൽകേണ്ടതായ പ്രസ്തുത കടം കടാശ്വാസ നിയമത്തിലെ 2(v) വകുപ്പിലെ 'കടം' എന്ന പദത്തിന്റെ നിർവ്വചനത്തിൽപ്പെടാത്തതിനാൽ കടാശ്വാസം ശിപാർശ ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും കമ്മീഷൻ സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത മറുപടി പരിഗണിച്ച സമിതി ആക്ടിലെ 2(v) വകുപ്പിൽ 'കടം' എന്നതിനെ നിർവ്വചിക്കുന്നതിൽ മത്സ്യത്തൊഴിലാളികൾ സംസ്ഥാന സർക്കാരിന് നൽകാനുള്ള സംഖ്യ കൂടി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 24.12.2017 തീയതിയിലെ 13562/ബി3/15/മതുവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.07.2019-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 29)**

ഉപജീവനമാർഗ്ഗം തേടി ആഴ്ചകളോളം നാട്ടിൽ നിന്ന് അകന്ന് നിൽക്കേണ്ട സാഹചര്യമുള്ള മത്സ്യത്തൊഴിലാളികൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതിനായി ഭാര്യമാരെ ചുമതലപ്പെടുത്താറുണ്ടെന്നും എന്നാൽ ഭാര്യമാർ മുഖേന വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ ആനുകൂല്യം നിഷേധിക്കപ്പെടുന്നുണ്ടെന്നും കമ്മീഷൻ സമിതിയെ ധരിപ്പിക്കുകയുണ്ടായി. ആയതിനാൽ ആക്ടിലെ 2(xiii) വകുപ്പിൽ "മത്സ്യത്തൊഴിലാളി"എന്ന പദത്തിന്റെ നിർവ്വചനത്തിൽ മത്സ്യത്തൊഴിലാളിയുടെ വിധവയെ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ മത്സ്യത്തൊഴിലാളിയുടെ ഭാര്യയെക്കൂടി ഉൾപ്പെടുത്തണമെന്ന കമ്മീഷൻ ശിപാർശ സർക്കാർ നിരസിച്ചത് പുന:പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 22.08.2017-ലെ 13562/ബി3/15/മതുവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 25.10.2017-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 30)**

ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ വാണിജ്യ ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്കും കടാശ്വാസം നൽകണമെന്ന ആക്ടിലെ വ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

സഹകരണ ബാങ്കുകൾ, ദേശസാൽകൃത – ഷെഡ്യൂൾഡ് ബാങ്കുകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിൽ കടാശ്വാസത്തിനായി 23,60,35,973/- രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 27.06.2015-ലെ 12028/ബി3/13/മതുവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 22.09.2015-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 31)**

സഹകരണ സംഘങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നതുപോലെ സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 24.12.2017-ലെ 13562/ബി3/15/മതുവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.07.2019-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക. 33)**

The Committee observes that the name of the Act is not mentioned in the operative part of the S.R.O., but it is referred to as "the said Act". The Committee opines that the name of Act should be mentioned first and then the act may be referred as the "said Act". The Committee directs the Department to rectify the above mistakes.

**സ്വീകരിച്ച നടപടി**

03.10.2015 – ലെ സ.ഉ. (അച്ചടി) 50/15/മതുവ നം. ഉത്തരവ് പ്രകാരം (SRO No. 663/15) errata വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 27.10.2015-ലെ 12028/ബി3/13/മതുവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.11.2015-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക. 34)**

The Committee notices that in the amendment part the word 'Member' is mispelt as 'Memeber'. The Committee recommends that the error may be rectified by issuing an erratum notification.

**സ്വീകരിച്ച നടപടി**

03.10.2015 – ലെ സ.ഉ. (അച്ചടി) 50/15/മത്സ്യ നം. ഉത്തരവ് പ്രകാരം (SRO No. 663/15) errata വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 27.10.2015-ലെ 12028/ബി3/13/മത്സ്യ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.11.2015-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക. 35)**

Since the original Act and rules have been issued in Malalyalam, the Committee Recommends that the S.R.O.s issued under this act must be in Malayalam.

**സ്വീകരിച്ച നടപടി/മറുപടി**

SRO 1111/08, 438/12 എന്നിവ ഇതിനോടകം പ്രസിദ്ധീകരിച്ച കഴിഞ്ഞിട്ടുള്ള SRO കൾ ആയതിനാൽ ഇനി മുതൽ കേരള മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിന് കീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

[മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 27.10.2015-ലെ 12028/ബി3/13/മത്സ്യ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 17.11.2015-ലെ യോഗം അംഗീകരിച്ചു]

## 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ടിന് കീഴിലുള്ള എസ്.ആർ.ഒ.

### എസ്.ആർ.ഒ. നമ്പർ 336/2011

**ശിപാർശ (ഖണ്ഡിക. 37)**

ആക്ടിലെ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻ കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും 06.02.2008-ൽ ആക്ട് പ്രകാരം പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രൂപീകരിച്ചെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിച്ചത് 02.06.2011-ൽ മാത്രമാണെന്നും അതിന് 06.02.2008 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടെന്നും എന്നാൽ ത്തന്നെയും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് 3 വർഷത്തെ കാലതാമസമുണ്ടായെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു ആക്ട് പുറപ്പെടുവിക്കുമ്പോൾ 6 മാസത്തിനുള്ളിൽത്തന്നെ ചട്ടങ്ങൾ പുറപ്പെടുവിച്ച് ആക്ടിന്റെ സുഗമമായ നടത്തിപ്പിന് വഴിയൊരുക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുകയും 3 വർഷത്തെ കാലതാമസത്തിനുള്ള കാരണം ആരായുകയുമുണ്ടായി. 18.01.2007-ലും 20.11.2007-ലും 18.01.2008-ലും നിയമവകുപ്പിന്റെ അഭിപ്രായം ഫയലിൽ

രേഖപ്പെടുത്തിയിരുന്നു എന്ന നിയമവകുപ്പുദ്യോഗസ്ഥരുടെ മറുപടിയോട് സമിതി വിയോജിക്കുകയും 2007 ഒക്ടോബറിലാണ് ആക്ട് വിജ്ഞാപനം ചെയ്തെന്നും, കമ്മീഷൻ രൂപീകരിച്ചത് 2008 ഫെബ്രുവരിയിലാണെന്നും എന്നാൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തത് 02.06.2011-ൽ മാത്രമാണെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു. സർക്കാർ നിയമനിർമ്മാണം നടത്തിയത് എന്ത് ഉദ്ദേശത്തോടുകൂടിയാണോ അതിന്റെ നടത്തിപ്പിനായി ചട്ടങ്ങൾ ഉണ്ടാകുന്നതിന് കാലതാമസം വരുത്തുകവഴി അത് ഒരു ജനവിഭാഗത്തോട് കാണിക്കുന്ന അനീതിയാണെന്നും നിയമനിർമ്മാണത്തിന്റെ ഉദ്ദേശത്തെത്തന്നെ ഹനിക്കുന്നതാണെന്നും സമിതി കരുതുന്നു. <u>ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് 3 വർഷത്തെ കാലതാമസത്തിനുള്ള കാരണം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

**സ്വീകരിച്ച നടപടി/മറുപടി**

ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് 3 വർഷത്തെ കാലതാമസം നേരിട്ടതിനുള്ള കാരണം ലഭ്യമാക്കുന്നു.

[പട്ടികജാതിപട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 27.08.2014-ലെ 11798/ഇ 2/13/പജ.പവ.വിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയും അനുബന്ധ റിപ്പോർട്ടും സമിതിയുടെ 23.12.2014-ലെ യോഗം അംഗീകരിച്ചു ]

**ശിപാർശ (ഖണ്ഡിക. 42)**

ആക്ടിലെ 4(5) വകുപ്പ് പ്രകാരം കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും 02.06.2011-ൽ വിജ്ഞാപനം ചെയ്ത ചട്ടങ്ങളിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നതിനാൽ 2008-ൽ രൂപീകൃതമായ കമ്മീഷനിലെ ചെയർമാനും അംഗങ്ങൾക്കും ശമ്പളം നൽകിയിരുന്നത് ഏത് നിലയിലാണ് എന്ന സമിതിയുടെ ചോദ്യത്തിന് കമ്മീഷനിലെ ചെയർമാനും അംഗങ്ങൾക്കുമുള്ള ശമ്പളവും ബത്തകളും നിശ്ചയിച്ചുകൊണ്ട് 28.12.2008-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും അതുപ്രകാരം 2008 ഫെബ്രുവരി മുതലുള്ള ശമ്പളം നൽകിയിരുന്നുവെന്നും എസ്. ടി. വികസന വകുപ്പ് മറുപടി നൽകിയിരുന്നു. ചട്ടങ്ങൾ നിലവിൽ വരാനുള്ള 3 വർഷത്തെ ദൈർഘ്യത്തിനിടയിൽ എക്സിക്യൂട്ടീവ് ഓർഡർ വഴി കാര്യങ്ങൾ നടപ്പാക്കുന്നത് ഒരു നല്ല കീഴ്‌വഴക്കമല്ല എന്ന് അഭിപ്രായപ്പെട്ട സമിതി <u>കാലാകാലങ്ങളിൽ ആക്ടിൻകീഴിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു.</u>

**സ്വീകരിച്ച നടപടി/മറുപടി**

ആക്ടിന് കീഴിൽ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ കാലതാമസം ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതാണ് .

[പട്ടികജാതി പട്ടികവർഗ്ഗ വികസന(ഇ) വകുപ്പിന്റെ 24.09.2021-ലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക. 45)**

ആക്ടിലെ 11 (ഇ) വകുപ്പുപ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ

നിയോഗിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഇതുവരെ അങ്ങനെ ചെയ്തിട്ടില്ല എന്നും അങ്ങനെ നിയമിക്കണമെങ്കിൽ റൂൾസ് അപര്യാപ്തമാണ് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകുകയുണ്ടായി. ആക്ടിലെ 11 (ഇ) വകുപ്പ് പ്രകാരം കമ്മീഷനുകളെ നിയോഗിക്കുന്നതിന് വ്യക്തത വരുത്തുന്നതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ഒരു നിയമനിർമ്മാണം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. (13912/ലെഗ്. ബി1/2020/നിയമം,17626/ലെഗ്.ബി1/2020/ നിയമം, ഇ 2/139/2019/പജപവവിവ നമ്പർ ഫയലുകൾ പ്രകാരം)

[പട്ടികജാതി പട്ടികവർഗ്ഗ വികസന(ഇ) വകുപ്പിന്റെ 24.09.2021-ലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക. 46)**

ആക്ടിലെ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി G.O.(Rt)77/09 പ്രകാരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനെ ഓഡിറ്ററായി നിയമിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള ഓഡിറ്റ് നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, 14-ാം വകുപ്പ് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നും സമിതി നിരീക്ഷിക്കുന്നു. കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

2007-08 ൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത് മുതൽ 2012-13 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുന്ന ജോലി ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിക്കുവാൻ കമ്മീഷൻ തീരുമാനം എടുത്തത് 27.10.2015-ൽ മാത്രമാണ്. കാലപ്പഴക്കമുള്ള രേഖകളും മറ്റും കണ്ടെടുത്ത് വാർഷിക കണക്കുകൾ തയ്യാറാക്കുക എന്നത് അത്യന്തം ശ്രമകരവും കൂടുതൽ സമയം വേണ്ടി വരുന്നതുമാണ്. എന്നിരുന്നാലും എത്രയും പെട്ടന്ന് ടി കണക്കുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കമ്മീഷന്റെ പ്രാരംഭ കാലത്തുണ്ടായിരുന്ന ജീവനക്കാരുടെ കുറവ് മൂലമാണ് വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായതെന്ന് അറിയിക്കുന്നു.

2017-18, 2018-19 എന്നീ വർഷങ്ങളിലെ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്ത് സെപ്പറേറ്റ് ഓഡിറ്റ് ലഭ്യമാക്കി കമ്മീഷൻ അംഗീകാരത്തോടെ പ്രിന്റിംഗിനായി നൽകിയിരിക്കുകയാണ്. 2019-20 വർഷത്തെ വാർഷിക സ്റ്റേറ്റ്മെന്റ് 17.08.2021-ലെ കത്ത് പ്രകാരം അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി നൽകിയിട്ടുണ്ട്. 2020-21 വർഷത്തെ കണക്കുകൾ ഉടൻ തന്നെ ചാർട്ടേർഡ് അക്കൗണ്ടന്റ് പൂർത്തിയാക്കി തരുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന(ഇ) വകുപ്പിന്റെ 24.09.2021-ലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 50)**

അടുത്തകാലത്ത് അട്ടപ്പാടിയിൽ ഉണ്ടായ പട്ടിണിമരണങ്ങളിലും കുഞ്ഞുങ്ങളുടെ മരണത്തിലും കമ്മീഷൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഡി. എം. ഒ., ജില്ലാ കളക്ടർ, ആർ. ഡി. ഒ., ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും റിപ്പോർട്ട് വരുത്തിയിട്ടുണ്ടെന്നും ജൂൺ 26, 27 തീയതികളിൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഹാജരായ ഉദ്യോഗസ്ഥർ മറുപടി നൽകുകയുണ്ടായി. ഈ അവസരത്തിൽ എത്രയും വേഗം അട്ടപ്പാടി സന്ദർശിച്ച് റിപ്പോർട്ട് ഗവൺമെന്റിനു നൽകി ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനു നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

അട്ടപ്പാടി ആദിവാസി ഊരുകളിലെ ശിശു മരണങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വിദഗ്ധസംഘത്തിന്റെ സഹകരണത്തോടെ (മെഡിക്കൽ ടീം തൃശ്ശൂർ മെഡിക്കൽ കോളേജ്, പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആലപ്പുഴ കമ്മ്യൂണിറ്റി മെഡിസൻ, തൃശ്ശൂർ മെഡിക്കൽ കോളേജ്, മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി ശാസ്ത്രകാരൻമാർ, നിയമ വിദഗ്ധരുടെ സംഘം) 2013 ജൂൺ 27 മുതൽ 30 വരെ തീയതികളിൽ കമ്മീഷൻ സമഗ്രമായ തെളിവെടുപ്പ് നടത്തി. കൂടാതെ ഫുൾ കമ്മീഷനും, കമ്മീഷനംഗങ്ങൾ വെവ്വേറെയും ശിശുമരണങ്ങളും, പോഷകാഹാരക്കുറവും റിപ്പോർട്ട് ചെയ്യപ്പെട്ട ആദിവാസിഊരുകൾ നേരിൽ സന്ദർശിച്ച് പ്രത്യേകം പ്രത്യേകം തെളിവെടുപ്പ് നടത്തി. മേലെ കണ്ടിയൂർ, മഞ്ചിക്കണ്ടി, ഷോളയൂർ എന്നീ ഊരുകൾ കമ്മീഷൻ സന്ദർശിച്ചവയിൽപ്പെടുന്നു. തദവസരത്തിൽ ഊരുനിവാസികൾ തങ്ങളുടെ അനുഭവങ്ങൾ കമ്മീഷനുമായി പങ്കുവെച്ചു.

തെളിവെടുപ്പിന്റെ ഭാഗമായി കമ്മീഷൻ അട്ടപ്പാടിയിലെ ആദിവാസി വിഭാഗക്കാർക്കായി സ്ഥാപിക്കപ്പെട്ട കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ടി വിഷയങ്ങളിന്മേൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്മേൽ അധികൃതർ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തെളിവെടുപ്പിന്റെ ഭാഗമായി അഗളി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ സമഗ്രമായ പഠന ഉദ്ദേശത്തോടുകൂടി ഒരു മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്യാമ്പിന് തൃശ്ശൂർ മെഡിക്കൽ കോളേജ്, പാലക്കാട് ജില്ലാ ആശുപത്രി, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകി. ശിശുരോഗം, ഗൈനക്കോളജി, ജനറൽ മെഡിസിൻ, കാർഡിയോളജി, കമ്മ്യൂണിറ്റി മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ ക്യാമ്പുമായി സഹകരിച്ച് സാമ്പിളുകൾ ശേഖരിക്കാൻ കമ്മീഷനെ സഹായിച്ചു. കൂടാതെ പാലക്കാട് ഡി.ഡി.ആർ.സി-

യുടെ സൗജന്യസേവനവും രക്തപരിശോധന ക്യാമ്പും സംഘടിപ്പിക്കാനും കമ്മീഷന് കഴിഞ്ഞു.

പ്രശ്ന ബാധിത ഊരുകളിലെ കുട്ടികളും, ഗർഭിണികളും, വൃദ്ധരും ഉൾപ്പെടുന്ന 100-ഓളം ആദിവാസികളെ വിവിധ വിഭാഗങ്ങളായി പരിശോധനകൾക്ക് വിധേയരാക്കി.

മുകളിൽ വിവരിച്ച എല്ലാ സ്പെഷ്യലിസ്റ്റുകളും, ലബോറട്ടറിക്കാരും അവരവരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്രമായ റിപ്പോർട്ടുകൾ കമ്മീഷന് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാകളക്ടർ ഉൾപ്പെടെയുള്ള വകുപ്പ് മേധാവികളുടെ ഒരു അവലോകന യോഗവും അട്ടപ്പാടിയിൽ ചേരുകയും, റിപ്പോർട്ടുകൾ കമ്മീഷൻ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ ആദിവാസി ഊരുകളിലെ ശിശുമരണം, പോഷകാഹാരക്കുറവ്, അരിവാൾ രോഗം എന്നിവയെ അധികരിച്ച് വയനാട് ജില്ലയിൽ മേൽപ്പറഞ്ഞ വിദഗ്ധസംഘത്തിൻ്റെ സഹകരണത്തോടെ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. തെളിവെടുപ്പിന്റെ ഭാഗമായി 27.09.2013 മുതൽ 30.09.2013 വരെ വയനാട് ജില്ലയിലെ 3 കേന്ദ്രങ്ങളിലായി കമ്മീഷൻ തെളിവെടുപ്പ് നടത്തി.

27.09.2013-ന് 10.30 മുതൽ വയനാട് ജില്ലാ ആശുപത്രിയിൽ വിവിധ സ്പെഷ്യാലിറ്റിയിൽപ്പെടുന്ന വിദഗ്ധ ഡോക്ടർമാരുടെ സംഘങ്ങൾ ആദിവാസി ഊരുകളിൽ നിന്നും രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്ന 20 പേരെ പരിശോധിച്ച് തെളിവുകൾ ശേഖരിച്ചു.

ജില്ലാ ആശുപത്രിയിലെ വിദഗ്ധ ഡോക്ടർമാർ, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർമാർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുമുള്ള വിദഗ്ധർ, തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ നിന്നുമുള്ള വിദഗ്ധർ എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി.

28.09.2013 തീയതി മേൽ വിവരിച്ച തരത്തിലുള്ള രോഗ നിർണ്ണയ ക്യാമ്പും തെളിവെടുപ്പും സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിൽ വച്ച് സംഘടിപ്പിച്ചു. ടി ക്യാമ്പിൽ വിവിധ ആദിവാസി ഊരുകളിൽ നിന്നും പ്രൊമോട്ടർമാരുടെ സഹായത്തോടെ എത്തിച്ച അരിവാൾ രോഗമുണ്ടെന്ന് സംശയിക്കുന്ന ഇരുപത്തഞ്ച് പേരെ വിവിധ പരിശോധനകൾക്ക് വിധേയമാക്കി. തെളിവെടുപ്പിന്റെ ഭാഗമായി ഉച്ചയ്ക്ക് ശേഷം പണയമ്പം, മാതമംഗലം എന്നീ ആദിവാസി ഊരുകൾ കമ്മീഷൻ നേരിൽ സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചു.

30.09.2013-ന് രാവിലെ 10.30-ന് വയനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് വിവിധ വകുപ്പ് മേധാവികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും തെളിവുകൾ ശേഖരിച്ചു. തെളിവെടുപ്പുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥർ ഹാജരായിരുന്നു.

ഇടുക്കി ജില്ലയിലും ഇത്തരത്തിലുള്ള തെളിവെടുപ്പ് കമ്മീഷന്റെ പരിഗണനയിലാണ്. താമസംവിനാ കമ്മീഷൻ ഇടുക്കി ജില്ല സന്ദർശിച്ച് പരസ്യമായ തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണ്.

[പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 19.11.2021 തീയതിയിലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021 തീയതിയിലെ സമിതിയോഗം പരിഗണിച്ചു. ]

ആദിവാസി ഊരുകളിലെ ശിശു മരണങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും പഠിക്കുന്നതിനായി ഇടുക്കി ജില്ലയിൽ ഇത്തരത്തിൽ സന്ദർശനം നടത്തിയതിന്റെ ഭാഗമായി

കമ്മീഷൻ 29/10/2021 തീയതിയിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് ഹാളിൽവെച്ച് ഒരു യോഗം സംഘടിപ്പിച്ചു. ടി യോഗത്തിൽ ദേവികുളം സബ് കളക്ടർ, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, വനം വകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവയിലെ ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. ടി വകുപ്പുകളുടെ റിപ്പോർട്ട് പ്രകാരം ഇടുക്കി ജില്ലയിൽ പട്ടിണി മരണങ്ങളോ പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണങ്ങളോ 2011 മുതൽ 2021 വരെ റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതി നിർവ്വഹണവും അവ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെട്ടു എന്നുമുള്ള വിവര ശേഖരണത്തിനും മറ്റുമായി കമ്മീഷൻ 30/10/2021-ന് ഇടമലക്കുടി പഞ്ചായത്തിലെ ഇഡലിപ്പാറകുടിയും സൊസൈറ്റികുടിയും, 31/10/2021-ന് മാങ്കുളം പഞ്ചായത്തിലെ കമ്പനികുടിയും, കണ്ടത്തികുടിയും സന്ദർശിച്ചു.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ വകുപ്പ് ജില്ലയിൽ ഗർഭിണികൾക്കായുള്ള കുത്തിവെപ്പുകൾ, ഗർഭകാലപരിചരണം, വൈറ്റമിൻ ഗുളികകളുടെ വിതരണവും സമയാസമയങ്ങളിൽ ഉള്ള പരിശോധന, ആരോഗ്യ വിദ്യാഭ്യാസം, 'ജനനീ സുരക്ഷാ യോജന' (പ്രസവത്തിനായി അമ്മമാർക്ക് ധനസഹായം), 'ജനനി ശിശു സുരക്ഷാ കാര്യക്രം' എന്നീ ചികിത്സാ പദ്ധതികളും, ജനനം മുതൽ ശിശുക്കൾക്ക് നൽകേണ്ടതായ രോഗപ്രതിരോധ വാക്സിനും, ശിശുപരിപാലനത്തെക്കുറിച്ചുള്ള അറിവും നൽകുന്നതിനായി സമയാസമയങ്ങളിലുള്ള ഭവന സന്ദർശനം, ഇടമലക്കുടി പോലുള്ള ഉൾപ്രദേശങ്ങളിലെ ആദിവാസി മേഖലകളിലെ ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'ഹാംലെറ്റ് ആശയെ' (ആദിവാസികുടിയിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരാൾ) തിരഞ്ഞെടുത്ത് പരിശീലനം നൽകുക എന്നീ പദ്ധതികൾ നടത്തിവരുന്നതായും, പഞ്ചായത്ത് വകുപ്പ് മുഖേന ഗ്രാമപഞ്ചായത്തുകളിൽ 'പൂരക പോഷകാഹാരം' എന്ന പദ്ധതിയും, ആദിവാസി വിഭാഗങ്ങളുള്ള ഗ്രാമപഞ്ചായത്തുകളിലായി 14 PHC, 7 CHC, 3 FHC എന്നിവയുടെ പ്രവർത്തനവും, അടിമാലി, ചിന്നക്കനാൽ,ദേവികുളം, കുമളി, മാങ്കുളം, മൂന്നാർ, മറയൂർ, പള്ളിവാസൽ, വട്ടവട എന്നിവിടങ്ങളിലെ ആദിവാസി കുടികളിൽ മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നതായും, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭക്ഷ്യ ധാന്യങ്ങൾ കിറ്റുകളിലാക്കി നൽകുന്ന ഫുഡ് സപ്പോർട്ട് പദ്ധതി (മലമ്പണ്ടാര സമുദായങ്ങൾക്കായി എല്ലാ മാസവും രണ്ട് തവണ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ അടങ്ങുന്ന കിറ്റ് നൽകി വരുന്നുണ്ട്.) കോളനികളിലെത്തി ചികിത്സ ഉറപ്പ് വരുത്തുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റിൻ്റെ പ്രവർത്തനം, 5 ഗവ. ആയുർവേദ ഡിസ്പെൻസറികളുടെ പ്രവർത്തനം, ഗർഭിണിയായ പട്ടികവർഗ്ഗ യുവതികൾക്ക് പ്രതിമാസം 2000/- രൂപ വീതം നൽകുന്ന 'ജനനീ ജന്മ രക്ഷാ പദ്ധതി' എന്നീ പദ്ധതികൾ നടത്തി വരുന്നതായും, വനിതാശിശുവികസന വകുപ്പ് മുഖേന ഇടുക്കി ജില്ലയിലെ ആദിവാസി ഊരുകളിലെ 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് ഐ.സി.ഡി.എസ് പദ്ധതി വഴി പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യപരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ, 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം, അമൃതം ന്യൂട്രിമിക്സ്, പ്രതിരോധ കുത്തിവെയ്പ്പുകൾ, Early stimulation detection of disability, ആരോഗ്യ പരിശോധന, രക്ഷിതാക്കൾക്കുള്ള പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം, ശൈശവ പൂർവ്വകാല പരിചരണവും വിദ്യാഭ്യാസവും തുടങ്ങിയ പദ്ധതികളും, ഗർഭിണികൾക്കുവേണ്ടി അനുപൂരക പോഷകാഹാരം, ആസൂത്രിത ഗർഭധാരണം, പ്രതിരോധ കുത്തിവെയ്പ്പുകൾ, IFA Tablets, പ്രസവ പൂർവ്വകാലപരിശോധന, ബോധവൽക്കരണം,

പോഷകാഹാര ആരോഗ്യവിദ്യാഭ്യാസം, ആദിവാസി വിഭാഗങ്ങൾക്കിടയിൽ പോഷകാഹാരക്കുറവ് നികത്തുവാൻ 'Ist' 1000 days programme' എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നതായി കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൃത്യമായ വൈദ്യപരിശോധനയും, തെറാപ്യൂട്ടിക് ഫുഡിന്റെ ഉപയോഗവും, പ്രതിരോധകുത്തിവെയ്പ്പുകളും മൂലം ഗർഭിണികളുടെയും, കുഞ്ഞുങ്ങളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിരുന്ന പോഷകാഹാരക്കുറവ് നികത്തപ്പെട്ടിട്ടുണ്ട്. പട്ടിണിമരണങ്ങൾ ഇല്ലാതാക്കുവാനും, ശിശുമരണ നിരക്ക് കാര്യമായി കുറയ്ക്കുവാനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

ഇടമലക്കുടി സൊസൈറ്റികുടിക്ക് സമീപം ഒരു പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ടി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്കും, ദേവികുളം സബ് കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടമലക്കുടി പഞ്ചായത്തിലെ ആദിവാസി ഊരുകളിൽ, ടി വിഭാഗത്തിലെ പെൺകുട്ടികളും സ്ത്രീകളും മാസമുറ സമയം സ്വന്തം | വീടുകളിൽ നിന്ന് അകറ്റപ്പെട്ട് 'വാലായ്മ പുരകൾ' എന്നറിയപ്പെടുന്ന ഒറ്റമുറി കെട്ടിടത്തിൽ താമസിക്കേണ്ടിവരുന്ന ആചാരം നിലനിൽക്കുന്നതായി ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. സ്ഥലസൗകര്യങ്ങൾ തീരെക്കുറഞ്ഞ ശുചിത്വമില്ലാത്ത ഒറ്റമുറികളിൽ ഒറ്റപ്പെട്ട് താമസിക്കുന്നതിനുള്ള ബുദ്ധിമുട്ട് കാരണം മാസമുറ നിയന്ത്രിക്കുന്നതിനായി സ്ത്രീകൾ Mala-D പോലെയുള്ള ഗുളികകൾ ഉപയോഗിക്കുന്നതായും ഇത് വന്ധ്യതയ്ക്ക് കാരണമാകുന്നതായും, ഇത്തരത്തിൽ നൂറോളം ആദിവാസി ദമ്പതിമാർ വന്ധ്യത നേരിടുന്നതായും കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇടമലക്കുടിയിലെ ജനസംഖ്യയിൽ ഗൗരവമായ തോതിൽ കുറവ് വന്നിട്ടുള്ളതായും ചില സ്വകാര്യ പഠന റിപ്പോർട്ടുകളിൽ തെളിഞ്ഞിട്ടുണ്ടെന്നും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 29/10/2021-ലെ യോഗത്തിൽ കമ്മീഷനെ അറിയിച്ചു. മേൽസാഹചര്യത്തിൽ ആദിവാസി ഗോത്രവിഭാഗം തന്നെ ചുരുങ്ങിയ കാലയളവുകൊണ്ട് അന്യംനിന്നു പോകുവാൻ സാധ്യതയുള്ളതിനാൽ ഈ വിഷയത്തിന്മേൽ അടിയന്തരമായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ മുഖേന ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

[പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 27.08.2014 തീയതിയിലെ 11798/ഇ 2/13/പജ.പവ.വിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 23.12.2014 തീയതിയിലെ സമിതിയോഗം പരിഗണിച്ചു. ]

**എസ്.ആർ.ഒ. നമ്പർ 01/2012**

**ശിപാർശ (ഖണ്ഡിക 51)**

ആക്ടിലെ 3-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് 2008-ലെ 183-ാം നമ്പരായി 06.02.2008-ൽ വിജ്ഞാപനം ചെയ്ത എസ്. ആർ. ഒ. മുഖേന രൂപീകരിക്കപ്പെട്ട "പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ" പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത എസ്. ആർ. ഒ. പുറപ്പെടുവിക്കുന്നതിന് 10 മാസത്തെ

കാലതാമസമുണ്ടായി എന്ന് സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ കമ്മീഷൻ പുനഃസംഘടിപ്പിക്കുമ്പോൾ കാലതാമസം ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

നിലവിൽ കാലതാമസം കൂടാതെ തന്നെ കമ്മീഷൻ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന(ഇ) വകുപ്പിന്റെ 24.09.2021-ലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021-ലെ യോഗം അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 52)**

മൂലനിയമവും ചട്ടങ്ങളും മലയാളത്തിലായതിനാൽ ആക്റ്റ് പ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സ്വീകരിച്ച നടപടി/മറുപടി**

വിജ്ഞാപനങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ് .

[പട്ടികജാതി പട്ടികവർഗ്ഗ വികസന(ഇ) വകുപ്പിന്റെ 24.09.2021-ലെ ഇ 2/143/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 24.09.2021-ലെ യോഗം അംഗീകരിച്ചു]

## അദ്ധ്യായം - II

### സമിതി (2011-2014) യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും നാളിതു വരെ അന്തിമ മറുപടി ലഭിക്കാതെയുള്ള ശിപാർശകളും സമിതിയുടെ തുടർശിപാർശയും.

**ശിപാർശ (ഖണ്ഡിക 38)**

ചട്ടം 5(1) ൽ "കമ്മീഷനിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും ചേർന്ന് പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള സർവ്വീസസ് ആയ കേരള സംസ്ഥാന കമ്മീഷൻ രൂപീകരിക്കപ്പെടുന്നതാണ് " എന്നത് " കമ്മീഷനിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും ഉൾപ്പെടുന്ന പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സർവ്വീസസ് സർക്കാർ രൂപീകരിക്കേണ്ടതാണ് " എന്ന് മാറ്റം വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 39)**

ചട്ടം 7-ലെ (1)-ാം ഉപഖണ്ഡത്തിന് അക്കമിട്ടിട്ടില്ലാത്തതിനാൽ അത് 7(1) എന്ന് അക്കമിടാൻ സമിതി ശിപാർശ ചെയ്യുന്നു

**ശിപാർശ (ഖണ്ഡിക 40)**

ചട്ടം 5(2) പ്രകാരമുള്ള പട്ടിക 1 -ന്റെ തലക്കെട്ട് "പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ" എന്നുള്ളത് "പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ ജീവനക്കാർ " എന്ന് മാറ്റാൻ സമിതി ശിപാർശ ചെയ്യുന്നു

**ശിപാർശ (ഖണ്ഡിക 41)**

എസ്.ആർ .ഒ യുടെ വിശദീകരണക്കുറിപ്പിൽ ആക്ടിന്റെ പേരിൽ "കേരള " എന്ന വാക്ക് വിട്ടുപോയിട്ടുള്ളത് ചേർത്ത് ആക്ടിന്റെ മുഴുവൻപേരായ "പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്ട് " എന്ന് തിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 43)**

ചട്ടം 6 (ബി) -യിലെ " പ്രാധാന്യമുള്ളതാണ് കമ്മീഷൻ അഭിപ്രായപ്പെടുന്ന" എന്നത് "പ്രാധാന്യമുള്ളതാണെന്ന് കമ്മീഷൻ അഭിപ്രായമുള്ള " എന്ന് തിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 44)**

ചട്ടം 7-ന്റെ തലക്കെട്ട് " അവകാശങ്ങളിലും പരാതികളിലും മേലുള്ള നടപടി " എന്നത് പരാതികളിന്മേൽ നടപടി എടുക്കുന്നത് സംബന്ധിച്ച മാത്രമാണ് പ്രസ്തുത ചട്ടത്തിൽ പരാമർശിക്കപ്പെടുന്നത് എന്നുള്ളതുകൊണ്ട് ' പരാതികളിന്മേലുള്ള നടപടി ' എന്ന് ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 47)**

ചട്ടം 6(എ)-യിലെ " സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ..." എന്നത് " സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ........" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ശിപാർശ (ഖണ്ഡിക 48)**

കമ്മീഷൻ മുമ്പാകെ 31-12-2012 വരെ 5449 പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതികളിൽ 3873 എണ്ണം തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും മനസ്സിലാക്കിയ സമിതി കോടതികളിൽ പോകാതെ പരാതികൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായാണ് കമ്മീഷനെ നിയോഗിച്ചിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. മൂന്നംഗങ്ങളും ഒരു മെമ്പർ സെക്രട്ടറിയുമുള്ള കമ്മീഷന് ഒരാഴ്ചയിൽ നാല് ദിവസം മാത്രമേ കോർട്ട് ഹാൾ ഉപയോഗിക്കാൻ കഴിയൂ എന്ന അവസ്ഥയുണ്ടെന്നും അതിനുകാരണം പിന്നോക്ക ക്ഷേമ കമ്മീഷനും എസ്.സി./എസ്.ടി. കമ്മീഷനും ഒരു കോർട്ട് ഹാൾ ഷെയർ ചെയ്യുന്നതുകൊണ്ടാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടിക ജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് പ്രത്യേകമായി ഒരു കോർട്ട് ഹാളും അതിനായി ഒരു ബഞ്ച് ക്ലർക്കിനെയും പ്യൂണിനെയും ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 49)**

ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള 'ഫാറം-എ'യിൽ പറഞ്ഞിട്ടുള്ള "കമ്മീഷന്റെ നീക്കിയിരുപ്പ്/ കുറവ്" എന്നത് "കമ്മീഷൻ്റെ നീക്കിയിരിപ്പ്/ കുറവ് എന്ന് തിരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>സമിതിയുടെ തുടർ ശിപാർശ</u>**

സമിതി (2011-14)യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നം. 38, 39, 40, 41, 43, 44, 47, 48, 49, 50 എന്നിവയിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ (ഇ) വകുപ്പിനോട് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും വകുപ്പിൽ നിന്നും അന്തിമ നടപടി പത്രിക നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ <u>പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.</u>

എം. എം. മണി,

ചെയർപേഴ്സൺ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2025 മാർച്ച് 17